## Std. III - Chapter 3 - Revision - Main points

## പാഠം 3 — പാപം ബന്ധങ്ങളെ തകർക്കുന്നു

| No. | ചോദ്യം | ഉത്തരം |
|---|---|---|
| A | **ചോദ്യങ്ങളും ഉത്തരങ്ങളും** | |
| 1 | ദൈവം ആദത്തോട് എന്താണ് ചോദിച്ചത്? | "തിന്നരുതെന്ന് ഞാൻ കൽപ്പിച്ച വൃക്ഷത്തിന്റെ ഫലം നീ തിന്നോ?" |
| 2 | ദൈവത്തിന്റെ ചോദ്യത്തിന് ആദം എന്ത് മറുപടി നൽകി? | "അങ്ങ് എനിക്ക് കൂട്ടിനുതന്ന സ്ത്രീ ആ മരത്തിന്റെ ഫലം എനിക്ക് തന്നു; ഞാൻ അത് തിന്നു" |
| 3 | ഹവ്വാ പാപം ചെയ്തതിന് ആരെയാണ് കുറ്റപ്പെടുത്തിയത്? | ഹവ്വാ സർപ്പത്തെയാണ് കുറ്റപ്പെടുത്തിയത്. |
| 4 | ആദവും ഹവ്വായും ചെയ്ത പാപത്തിന്റെ ഫലമായി എന്തെല്ലാം നഷ്ടപ്പെട്ടു? | സന്തോഷവും സമാധാനവും നഷ്ടപ്പെട്ടു. |
| 5 | ആദത്തിന്റെയും ഹവ്വായുടെയും പാപത്തിന്റെ സ്വാധീനം ആരിലേക്കും വ്യാപിച്ചു? | അവരുടെ പാപത്തിന്റെ സ്വാധീനം മക്കളിലേക്കും വ്യാപിച്ചു. |
| 6 | ആദത്തിനും ഹവ്വായ്ക്കും ഉണ്ടായ രണ്ട് പുത്രന്മാർ ആരെല്ലാം? | കായേനും ആബേലുമാണ് ആദത്തിനും ഹവ്വായ്ക്കും ഉണ്ടായ രണ്ട് പുത്രന്മാർ. |
| 7 | കായേൻ എന്തു ജോലിയാണ് ചെയ്തിരുന്നത്? | കായേൻ കൃഷിക്കാരനായിരുന്നു. |
| 8 | ആബേൽ എന്തു ജോലിയാണ് ചെയ്തിരുന്നത്? | ആബേൽ ആട്ടിടയനായിരുന്നു. |
| 9 | കായേനും ആബേലും ദൈവത്തിന് എന്താണ് സമർപ്പിച്ചത്? | കായേൻ തന്റെ വിളവിന്റെ ഒരു ഭാഗവും ആബേൽ തന്റെ ആട്ടിൻകുട്ടികളിൽ നല്ലതിനെയും ദൈവത്തിന് കാഴ്ചയായി സമർപ്പിച്ചു. |
| 10 | ആരുടെ കാഴ്ചയാണ് ദൈവം സ്വീകരിച്ചത്? | ആബേലിന്റെ കാഴ്ചയാണ് ദൈവം സ്വീകരിച്ചത്. |
| 11 | **1. ആബേലിന്റെ ബലി ദൈവം സ്വീകരിച്ചതെന്തുകൊണ്ട്?** | ആബേൽ തന്റെ ആട്ടിൻകുട്ടികളിൽ നല്ലതിനെ ദൈവത്തിന് കാഴ്ചയായി സമർപ്പിച്ചതിനാലാണ് ദൈവം അവന്റെ കാഴ്ച സ്വീകരിച്ചത്. |
| 12 | കായേന്റെ കാഴ്ച ദൈവം സ്വീകരിക്കാതിരുന്നതെന്തുകൊണ്ട്? | കായേന്റെ കാഴ്ച സമർപ്പണം അനുചിതമായിരുന്നതിനാലാണ് ദൈവം അത് സ്വീകരിക്കാതിരുന്നത്. അതായത് കായേൻ നല്ല മനസ്സോടെയല്ല ബലിയർപ്പിച്ചത് |
| 13 | കായേന് ദൈവത്തോട് എന്തു തോന്നി? | കായേന് ദൈവത്തോട് കോപം തോന്നി. |
| 14 | ദൈവം കായേനോട് എന്താണ് ചോദിച്ചത്? | "നീ കോപിച്ചിരിക്കുന്നത് എന്തിന്? നിന്റെ മുഖം വാടിയിരിക്കുന്നത് എന്തുകൊണ്ട്?" എന്ന് ദൈവം ചോദിച്ചു. |
| 15 | **2. കായേൻ ചെയ്ത പാപമെന്ത്?** | കായേൻ തന്റെ സഹോദരനായ ആബേലിനെ വെറുക്കുകയും വയലിൽവച്ച് അവനെ കൊലപ്പെടുത്തുകയും ചെയ്തു. |
| 16 | ദൈവം കായേനോട് എന്താണ് ചോദിച്ചത്? | "നിന്റെ സഹോദരൻ ആബേൽ എവിടെ?" എന്ന് ദൈവം കായേനോട് ചോദിച്ചു. |
| 17 | **3. "നിന്റെ സഹോദരൻ എവിടെ?" എന്ന ദൈവത്തിന്റെ ചോദ്യത്തിന് കായേൻ നൽകിയ മറുപടി എന്ത്?** | "എനിക്കറിഞ്ഞുകൂടാ, എന്റെ സഹോദരന്റെ കാവൽക്കാരനാണോ ഞാൻ?" എന്നായിരുന്നു കായേന്റെ മറുപടി. |

| No. | ചോദ്യം | ഉത്തരം |
| --- | --- | --- |
| 18 | കായേൻ ദൈവത്തിന്റെ സന്നിധിയിൽനിന്ന് അകന്നപ്പോൾ എന്തു സംഭവിച്ചു? | **കായേൻ ദൈവത്തിന്റെ സന്നിധിയിൽനിന്ന് അകന്ന് ഏദന് കിഴക്ക് നോദ് ദേശത്ത് വാസമുറപ്പിച്ചു.** |
| 19 | ദൈവത്തിൽനിന്ന് അകലുന്ന മനുഷ്യൻ എന്തു ചെയ്യാൻ തുടങ്ങുന്നു? | **ദൈവത്തിൽനിന്ന് അകലുന്ന മനുഷ്യൻ സഹോദരങ്ങളിൽ നിന്നും അകലുകയും സ്വയം വെറുക്കാൻ തുടങ്ങുകയും ചെയ്യുന്നു.** |
| 20 | മനുഷ്യർ ഭൂമിയിൽ എങ്ങനെ പെരുകി? | **ആദത്തിന്റെയും ഹവ്വായുടെയും സന്താനപരമ്പരയിലൂടെ മനുഷ്യർ ഭൂമിയിൽ പെരുകി.** |
| 21 | മനുഷ്യന്റെ പാപം ദൈവത്തിന്റെ ഹൃദയത്തെ എങ്ങനെ ബാധിച്ചു? | **മനുഷ്യന്റെ പാപം ദൈവത്തിന്റെ ഹൃദയത്തെ വേദനിപ്പിച്ചു.** |
| 22 | നാം ദൈവത്തിന്റെ ഹൃദയത്തെ എപ്പോഴാണ് വേദനിപ്പിക്കുന്നത്? | **മാതാപിതാക്കളെ ധിക്കരിക്കുമ്പോഴും അധ്യാപകരെ അനുസരിക്കാതിരിക്കുമ്പോഴും കൂട്ടുകാരുമായി വഴക്കുകൂടുമ്പോഴും നാം ദൈവത്തിന്റെ ഹൃദയത്തെ വേദനിപ്പിക്കുന്നു.** |
| 23 | മനുഷ്യന്റെ ഏറ്റവും വലിയ തെറ്റ് എന്താണ്? | **ദൈവത്തെ വേദനിപ്പിക്കുന്നതാണ് അനുഷ്യന്റെ ഏൾവും വലിയ തെറ്റ്.** |
| 24 | ദൈവത്തിന്റെ മക്കളായ നാം എങ്ങനെ ജീവിക്കണം? | **ദൈവത്തിന്റെ ഹൃദയത്തെ ഒരിക്കലും വേദനിപ്പിക്കാതെ സ്നേഹത്തിലും അനുസരണയിലും ജീവിക്കണം.** |
| **B** | **പ്രധാന ബൈബിൾ വാക്യങ്ങൾ** | |
| 1 | ഉല്പത്തി 3:11–12 | ദൈവം ആദത്തോട് ചോദിച്ചു: ‘‘തിന്നരുതെന്ന് ഞാൻ കൽപ്പിച്ച വൃക്ഷത്തിന്റെ ഫലം നീ തിന്നോ?’’ ആദം പറഞ്ഞു: ‘‘അങ്ങ് എനിക്ക് കൂട്ടിനുതന്ന സ്ത്രീ ആ വൃക്ഷത്തിന്റെ ഫലം എനിക്ക് തന്നു; ഞാൻ അത് തിന്നു.’’ |
| 2 | ഉല്പത്തി 4:6–7 | ‘‘നീ കോപിച്ചിരിക്കുന്നത് എന്തിന്? നിന്റെ മുഖം വാടിയിരിക്കുന്നത് എന്തുകൊണ്ട്? നീ നന്മ പ്രവർത്തിച്ചാൽ നീയും സ്വീകാര്യനാവുകയില്ലേ?’’ |
| 3 | ഉല്പത്തി 4:9 | ‘‘നിന്റെ സഹോദരൻ ആബേൽ എവിടെ?’’ കായേൻ പറഞ്ഞു : ‘‘എനിക്കറിഞ്ഞുകൂടാ. എന്റെ സഹോദരന്റെ കാവൽക്കാരനാണോ ഞാൻ?’’ |
| 4 | ഉല്പത്തി 4:16 | ‘‘അങ്ങനെ കായേൻ കർത്താവിന്റെ സന്നിധിയിൽനിന്ന് അകന്ന് ഏദന് കിഴക്ക് നോദ് ദേശത്ത് വാസമുറപ്പിച്ചു.’’ |
| | ഉല്പത്തി 6:6 | ‘‘ഭൂമുഖത്ത് മനുഷ്യനെ സൃഷ്ടിച്ചതിൽ കർത്താവ് പരിതപിച്ചു ; അത് അവിടുത്തെ ഹൃദയത്തെ വേദനിപ്പിച്ചു.’’ |
| **C** | **ഓർമ്മിക്കേണ്ട പ്രധാന ആശയം:** | |
| | **പാപം ദൈവത്തിൽനിന്നും സഹോദരങ്ങളിൽനിന്നും നമ്മെ അകറ്റുന്നു. ദൈവത്തെ സ്നേഹിക്കുകയും അനുസരിക്കുകയും സഹോദരങ്ങളെ സ്നേഹിക്കുകയും ചെയ്തുകൊണ്ട് ജീവിക്കണം.** | |